(ഡി) ഇതു സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കരിക്കുലം കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്കൂളുകളിലെ ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഓരോ സ്കൂളിനും തുക അനുവദിച്ചിട്ടുണ്ട്.

1997 - 98 32,50,000 രൂപ

1998 - 2000 57,000 രൂപ

(സി) കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നിർദ്ദിഷ്ട സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലും മാത്രമേ ഇത് തീരുമാനിക്കാനാവൂ. ഇപ്പോൾ ലൈബ്രേറിയൻ തസ്തിക നിലവിലില്ല.

(ഡി) സ്പെഷ്യൽ റൂൾസിന്റെ അന്തിമ രൂപം തയ്യാറാകുമ്പോൾ, ഇതിനെ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണ്.

പ്ലസ്ടു കോഴ്സുകൾക്കുള്ള പുസ്തകങ്ങൾ

35 (3676) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പ്ലസ്ടു കോഴ്സുകൾക്ക് ഹിന്ദി, മലയാളം, ഇംഗ്ലീഷ് വിഷയങ്ങൾക്ക് ഏത് സർവകലാശാലയുടെ പുസ്തകങ്ങളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത് ;

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ ഈ പുസ്തകങ്ങൾ മാറ്റുന്നതിന് ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ അതിന് വേണ്ട പുസ്തകങ്ങൾ തയ്യാറായിട്ടുണ്ടോ ; അവ തയ്യാറാക്കിയത് ആരാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹിന്ദി, മലയാളം എന്നിവയ്ക്ക് കോഴിക്കോട് സർവകലാശാലയുടെ പുസ്തകങ്ങളും, ഇംഗ്ലീഷിന് സി.ബി.എസ്.ഇ നിലവാരത്തിലുള്ള എൻ.സി.ഇ.ആർ.ടി. യുടെ പുസ്തകങ്ങളുമാണ് ഉപയോഗിച്ചു വരുന്നത്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly